**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3641** **12-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ പദ്ധതി മുഖാന്തിരവും എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര തുക ചെലവിട്ടിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധ**മായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ആശ്വാസ കരണം പദ്ധതി**

തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങൾ കൊണ്ട് കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 4000 ലക്ഷം | 96086 |
| 2022-2023 | 2421.09 ലക്ഷം | 38104 |
| 2023-2024 | 1499.96 ലക്ഷം | 19229 |
| 2024-2025 | 1987.38 ലക്ഷം | 28030 |

**സ്നേഹസ്പർശം പദ്ധതി**

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്ന സ്ത്രീകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സ്നേഹസ്പർശം. ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന് പ്രതിമാസം 2000 രൂപ നിരക്കിൽ 65 വയസ് പ്രായം എത്തുന്നതു വരെ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു .

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 200 ലക്ഷം | 1483 |
| 2022-2023 | 200 ലക്ഷം | 538 |
| 2023-2024 | 148.92 ലക്ഷം | 567 |
| 2024-2025 | 59.98 ലക്ഷം | 576 |

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

(എ) .എൻഡോസൾഫാൻ ദുരിതബാധിതർക്ക് പദ്ധതികൾ (സ്നേഹസാന്ത്വനം)

ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി.

(ബി).സ്പെഷ്യൽ ആശ്വാസകിരണം

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 700/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി

(സി).വിദ്യാഭ്യാസ ധനസഹായ പദ്ധതി

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സ് വരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും വർഷത്തിൽ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 1307.65 ലക്ഷം | 6941 |
| 2022-2023 | 1240.96 ലക്ഷം | 6864 |
| 2023-2024 | 1287.31 ലക്ഷം | 6520 |
| 2024-2025 | 1331.67 ലക്ഷം | 6367 |

**വയോമിത്രം പദ്ധതി**

സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ്ണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 4707.25 ലക്ഷം | 278623 |
| 2022-2023 | 2364.92 ലക്ഷം | 289030 |
| 2023-2024 | 1975.55 ലക്ഷം | 290030 |
| 2024-2025 | 1472.13 ലക്ഷം | 290030 |

**സ്നേഹപൂർവ്വം പദ്ധതി**

മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 4510.29 ലക്ഷം | 70881 |
| 2022-2023 | 1104.99 ലക്ഷം | 21742 |
| 2023-2024 | 1700 ലക്ഷം | 57187 |
| 2024-2025 | 1291 ലക്ഷം | 44018 |

**സമാശ്വാസം പദ്ധതി**

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 499.40 ലക്ഷം | 2662 |
| 2022-2023 | 389.99 ലക്ഷം | 2977 |
| 2023-2024 | 459.6 ലക്ഷം | 3293 |
| 2024-2025 | 179.82 ലക്ഷം | 2274 |

**<u>വീകെയർ പദ്ധതി</u>**

കേരള സാമൂഹ്യസുരക്ഷാമിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുളളത്. ആരോഗ്യ, സാമൂഹ്യ, മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും, ശസ്ത്രക്രിയക്കും അതോടനുബന്ധിച്ചുള്ള ചികിത്സാ ചെലവിനും നിബന്ധനകൾക്ക് വിധേയമായും, മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 663.66 ലക്ഷം | 291 |
| 2022-2023 | 279.75 ലക്ഷം | 100 |
| 2023-2024 | 210.92 ലക്ഷം | 65 |
| 2024-2025 | 26.48 ലക്ഷം | 45 |

**<u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം ചെയ്യുന്ന പദ്ധതി(UDID)</u>**

സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 18.04 ലക്ഷം | 26325 |
| 2022-2023 | 46.30 ലക്ഷം | 91591 |
| 2023-2024 | 37.32 ലക്ഷം | 77254 |
| 2024-2025 | 54.35 ലക്ഷം | 38600 |

**<u>മിഠായി</u>**

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച സമഗ്ര പദ്ധതി

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 205.42 ലക്ഷം | 1233 |
| 2022-2023 | 378.01 ലക്ഷം | 1469 |
| 2023-2024 | 247 ലക്ഷം | 1626 |
| 2024-2025 | 363.64 ലക്ഷം | 1736 |

## ഓർമ്മത്തോണി പദ്ധതി

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറിസ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2023-2024 | 12.39 ലക്ഷം | വയോമിത്രം ജീവനക്കാർക്ക് എട്ട് ഘട്ടമായി പരിശീലനം നല്കി |
| 2024-2025 | 17.67 ലക്ഷം | വയോമിത്രം ക്ലിനിക്കുകളിൽ സ്ക്രീനിംഗ് നടന്നു വരുന്നു. |